# ആത്യന്തികവിലയിരുത്തൽ - I 2025-2026

## മാതൃകാചോദ്യപേപ്പർ

## സാമൂഹ്യശാസ്ത്രം

**ക്ലാസ് : 6** **സമയം : 2 മണിക്കൂർ 15 മിനിട്ട്**

### നിർദേശങ്ങൾ


- ആകെ സമയത്തിന്റെ **ആദ്യത്തെ 15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- **6** ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- **5, 6** ചോദ്യങ്ങൾക്ക് **ചോയ്സ്** ഉണ്ട്. ചോയ്സുള്ള ചോദ്യങ്ങളിൽ A, B എന്നീ പിരിവുകളിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.


State Assessment Cell, SCERT Kerala

**(1)** ചിത്രങ്ങൾ നിരീക്ഷിക്കൂ.




പരുക്കൻ കല്ലുകൾ ഉപയോഗിച്ചു.





**a)** ശിലായുഗവുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന ഡയഗ്രം പൂർത്തിയാക്കുക.




**b)** കൃഷിയുടെ ആരംഭം മനുഷ്യജീവിതത്തിൽ മാറ്റങ്ങൾ വരുത്തി. സമർത്ഥിക്കുക.

**(2)**

**a)** ഹോമോ വിഭാഗത്തിൽപ്പെട്ട മനുഷ്യവർഗങ്ങളുടെ സവിശേഷതകളാണ് തന്നിട്ടുള്ളത്. മനുഷ്യവർഗത്തെ തിരിച്ചറിഞ്ഞ് പേര് നൽകുക.

| | |
|---|---|
| ബുദ്ധിയുള്ള മനുഷ്യർ | 1 .......................... |
| ഉപകരണ നിർമ്മാതാക്കൾ | 2 . . . . . . . . . . . . . . . . . . . |
| നിവർന്നുനിൽക്കുന്ന മനുഷ്യർ | 3 . . . . . . . . . . . . . . . . . . . |

**b)** മനുഷ്യപരിണാമവുമായി ബന്ധപ്പെട്ട ശരിയായ ആശയം കണ്ടെത്തി എഴുതുക

A. സസ്തനികളിൽ ഒരു വിഭാഗമായ പ്രൈമേറ്റുകളിൽ നിന്നാണ് മനുഷ്യ പരിണാമം ആരംഭിക്കുന്നത്.

B. ഹോമിനിഡുകളിൽ നിന്ന് പരിണമിച്ചാണ് ഹോമിനോയിഡുകൾ രൂപപ്പെട്ടത്

C. ഹോമോയുടെ ഉപവിഭാഗമാണ് ആസ്ട്രലോ പിത്തേക്കസ്

D. ആധുനിക മനുഷ്യന്റെ വർഗമാണ് ഹോമോ ഹാബിലസ്

@ State Assessment Cell, SCERT, Kerala

**b)** മനുഷ്യപരിണാമത്തെക്കുറിച്ചുള്ള സിദ്ധാന്തം ചാൾസ് ഡാർവിൻ ഏത് ഗ്രന്ഥത്തിലാണ് അവതരിപ്പിച്ചത്.

A. ദി പവർ ഓഫ് മൂവ്മെന്റ് ഇൻ പ്ലാന്റ്സ്

B. ഓൺ ദി ഒറിജിൻ ഓഫ് സ്പീഷസ്

C. ദി ലൈഫ് ഓൺ ദി എർത്ത്

D. ഒർജിൻ ഓഫ് ലൈഫ്

**(3)**

**a)** അനുയോജ്യമായവ കണ്ടെത്തി യോജിപ്പിച്ച് എഴുതുക.

| | |
|---|---|
| ഒരു രാജ്യത്തിന്റെ കര- ജല- വായു - തീരദേശ മേഖലകൾ രാഷ്ട്ര രൂപീകരണത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നു | ജനസംഖ്യ |
| ബാഹ്യ ഇടപെടലുകൾക്കോ സമ്മർദങ്ങൾക്കോ വിധേയമാകാതെ തീരുമാനങ്ങൾ എടുക്കുവാനുള്ള രാഷ്ട്രത്തിന്റെ അധികാരം | ഗവൺമെന്റ് |
| രാഷ്ട്രത്തിന്റെ നയങ്ങൾ രൂപീകരിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും ഉള്ള ഏജൻസി | പരമാധികാരം |
| പരസ്പരാശ്രയത്വം, പൊതുതാൽപ്പര്യം, പൊതുബോധം എന്നിവയാൽ ഒത്തൊരുമിച്ച് നിൽക്കുന്ന ജനങ്ങൾ. | ഭൂപ്രദേശം |

**b)** തന്നിരിക്കുന്നവയിൽ ഗവൺമെന്റിന്റെ പ്രത്യേകതകളിൽ ഉൾപ്പെടാത്തത് ഏതാണ്?

A. രാഷ്ട്രത്തിന്റെ ഘടകമാണ്

B. ഭരണാധികാരികളും ഉദ്യോഗസ്ഥരും ഇതിൽ ഉൾപ്പെടുന്നു.

C. ഒരു സ്ഥിരം സ്ഥാപനമാണ്

D. പരമാധികാരം വിനിയോഗിക്കുന്നത് ഈ ഏജൻസിയിലൂടെയാണ്.

**(4)**

**a)** തലക്കെട്ടുകളെ അനുയോജ്യമായ ബോക്സിൽ എഴുതുക.

- ജപ്തിവിരുദ്ധ ബിൽ കേരള നിയമസഭ പാസാക്കി
- ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിരോധനം നടപ്പാക്കാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.
- കോടതിവിധികൾ റദ്ദാക്കാൻ പാർലമെന്റിന് അധികാരമില്ല :

@ State Assessment Cell, SCERT Kerala

| |
|---|
| നിയമനിർമ്മാണ വിഭാഗം . . . . . . . . . . . . . . . . . . . . . . . . . . . . . |


| |
|---|
| കാര്യനിർവഹണ വിഭാഗം . . . . . . . . . . . . . . . . . . . . . . . . . . . . . |


| |
|---|
| നീതിന്യായ വിഭാഗം . . . . . . . . . . . . . . . . . . . . . . . . . . . . . . |

**b)** ഗവൺമെന്റിന്റെ ഏതെങ്കിലും ഒരു ഘടകത്തെക്കുറിച്ച് കുറിപ്പ് എഴുതുക.

**(5.A)**

**a)** ചിത്രം നിരീക്ഷിച്ച് ആശയപടം പൂർത്തിയാക്കുക






**b)** നൽകിയിരിക്കുന്നവയിൽ ദക്ഷിണാർദ്ധഗോളത്തിൽ മാത്രം ഉൾപ്പെട്ട ഭൂഖണ്ഡം കണ്ടെത്തി എഴുതുക.

**A.** ആസ്ട്രേലിയ

**B.** ആഫ്രിക്ക

**C.** യൂറോപ്പ്

**D.** ഏഷ്യ

**അല്ലെങ്കിൽ**

@ State Asses... SCERT Kerala

**(5.B)**

**a)** ഗ്ലോബുമായി ബന്ധപ്പെട്ട് തന്നിട്ടുള്ള ആശയങ്ങളെ ക്രമപ്പെടുത്തി എഴുതുക

| | |
|---|---|
| ഭൂകേന്ദ്രത്തെ ആധാരമാക്കി ഉത്തര – ദക്ഷിണ ധ്രുവങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് വരയ്ക്കുന്ന സാങ്കല്പിക രേഖകൾ | അന്താരാഷ്ട്ര ദിനാങ്കരേഖ |
| ഭൂമധ്യരേഖക്ക് 90° തെക്കുള്ള അക്ഷാംശം | ഗ്രാറ്റിക്കൂൾ |
| 180° യിലൂടെ കടന്നുപോകുന്ന പ്രധാന രേഖാംശരേഖ | ദക്ഷിണ അക്ഷാംശം |
| അക്ഷാംശ - രേഖാംശങ്ങളുടെ ജാലികയ്ക്ക് പറയുന്ന പേര് | ഉത്തരാർധഗോളം |
| | ദക്ഷിണധ്രുവം |
| | രേഖാംശരേഖകൾ |

**b)** നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക

**A.** ഭൂമധ്യരേഖയിൽനിന്ന് ഇരുവശങ്ങളിലേക്ക് പോകുന്തോറും അക്ഷാംശവൃത്തങ്ങളുടെ വലുപ്പം കൂടിവരുന്നു.

**B.** ഭൂമധ്യരേഖയ്ക്ക് തെക്കുള്ള അക്ഷാംശങ്ങളെ ഉത്തര അക്ഷാംശങ്ങൾ എന്ന് വിളിക്കുന്നു.

**C.** രേഖാംശരേഖകളെല്ലാം ഒരേ വലിപ്പത്തിലുള്ളവയല്ല.

**D.** ഒരു ഡിഗ്രി ഇടവിട്ട് ഇരുധ്രുവങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് രേഖാംശരേഖകൾ വരച്ചാൽ 360 രേഖാംശരേഖകൾ വരയ്ക്കാൻ കഴിയും

@ State Assessment Cell, SCERT Kerala

**(6.A)**

> ജനാധിപത്യത്തിന്റെ ആദ്യരൂപം ഉടലെടുത്തത് ഗ്രീസിലെ ഏതൻസിലാണ്.

**a)** അന്നത്തെ ജനാധിപത്യത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു ?

**b)** ഏതൻസിലെ രാഷ്ട്രീയസഭ അറിയപ്പെട്ടിരുന്നതു ഏതു പേരിലാണ് ?

A. ഗ്രാമ പരിഷത്
B. അസംബ്ലി
C. കൗൺസിൽ
D. പാർലമെന്റ്

**c)** ഒരു പൊതുഭരണ സംവിധാനത്തിനു കീഴിൽ ഗ്രീസിനെ കൊണ്ടു വരാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു കാരണമെന്ത്?

**അല്ലെങ്കിൽ**

**(6.B)**

ആഗസ്റ്റ്സിന്റെ ഭരണകാലത്താണ് റോമൻ റിപ്പബ്ലിക്ക് പൂർണമായും റോമാസാമ്രാജ്യമായി മാറിയത്.

**a)** റോമാസാമ്രാജ്യത്തിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?

@ State Assessment Cell, SCERT Kerala